"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - അരൂക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 1008 ന് എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.476/2025/Co-Op തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-
1. 13/12/2019 ലെ എൻ സി ഡി സി 596/2019(റ്റി വി എം) 198/എസ് എ 90128/368 നം. കത്ത്.
2. സ.ഉ.(സാധാ)നം.41/2022/സഹ തീയതി 21/01/2022
3. 17/6/2025 ലെ സഹകരണ സംഘം രജിസ്ട്രാറുടെ പി&എം എ (3) 10670/2024 നം. കത്ത്
4. ഇ അനുമതി നമ്പർ AS/COP/25/ 47424 Share , AS/COP/25/ 47425 Loan .

**ഉത്തരവ്**

അരൂക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 1008 ന് ബാങ്ക് ബിൽഡിംഗിന്റെ പുനരുദ്ധാരണത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 32.76ലക്ഷം രൂപ (ഓഹരി-14.56 ലക്ഷം രൂപ, വായ്പ-18.20 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം എൻ.സി.ഡി.സി.യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 11.83 ലക്ഷം രൂപ (ഓഹരി-7.28 ലക്ഷം രൂപ, വായ്പ-4.55 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. ടി സംഘത്തിന് അനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായി ഓഹരി ഇനത്തിൽ 7.28 ലക്ഷം രൂപയും (ശീർഷകം-4425-108-42-34-3) വായ്പ ഇനത്തിൽ 13.65 ലക്ഷം

രൂപയും (ശീർഷകം-6425-108-19) ഉൾപ്പെടെ 20.93 ലക്ഷം രൂപ (ഇരുപത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം രൂപ മാത്രം) 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണ - റിലീസ് അനുമതികൾ നൽകണമെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അരൂക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 1008 ന് ബാങ്ക് ബിൽഡിംഗിന്റെ പുനരുദ്ധാരണത്തിനായി അനുവദിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായി ഓഹരി ഇനത്തിൽ 7.28 ലക്ഷം രൂപയും (ശീർഷകം-4425-108-42-34-3) വായ്പ ഇനത്തിൽ 13.65 ലക്ഷം രൂപയും (ശീർഷകം-6425-108-19) ഉൾപ്പെടെ 20.93 ലക്ഷം രൂപ (ഇരുപത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം രൂപ മാത്രം) 2025-2026 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/119/2025/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/104/2025/സഹ)

ഉത്തരവിൻ പ്രകാരം,
Signed by
Priyanka T V
Date: 05-11-2025 11:11:22
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.